ജില്ല	*തുക ലക്ഷത്തിൽ*
തൃശ്ശൂർ	.. 540
പാലക്കാട്	.. 2027
മലപ്പുറം	.. 329
കോഴിക്കോട്	.. 295
വയനാട്	.. 1228
കണ്ണൂർ	.. 350
കാസറഗോഡ്	.. 362
ആകെ	.. 8905

കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസം

37 [651] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം വരൾച്ചയുമായി ബന്ധപ്പെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്കായി എത്ര കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്;

(ബി) ഇങ്ങനെ വകയിരുത്തിയ തുകയിൽ ഓരോ വിഭാഗത്തിലും എത്ര രൂപാ വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഇങ്ങനെ അനുവദിച്ച തുകയിൽ എത്ര രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരൾച്ച മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം 3.40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താനാണ് നിർദ്ദേശിച്ചിരുന്നത്.

(ബി) വരൾച്ച മൂലം കൃഷിനാശത്തിന് ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമാണെന്ന് ബോദ്ധ്യമായതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ആവശ്യത്തിന് ഇതുവരെ 23.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അനുവദിച്ച തുക വിതരണം ചെയ്തു വരുന്നു. നാളിതുവരെ വിതരണം ചെയ്ത തുക നിജപ്പെടുത്തിയിട്ടില്ല.

"മൺസൂൺ കാലത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ"

38 [652] ഡോ. എ. നീലലോഹിതദാസൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മൺസൂൺകാലത്ത് പ്രകൃതിക്ഷോഭം കാരണം കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും പഞ്ചായത്ത്, മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly